**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 303** **08-06-2021 - ല്‍ മറുപടിയ്ക്ക്**

**ആസ്തി വികസന പദ്ധതി റദ്ദുചെയ്യുവാന്‍ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോന്‍സ് ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആസ്തി വികസന പദ്ധതി പ്രകാരം 2017-18-ല്‍ അനുവദിച്ച പദ്ധതി നടപ്പില്‍ വരുത്താന്‍ കഴിയാത്ത സാഹചര്യത്തില്‍ ആയത് റദ്ദുചെയ്ത് പുതിയ പദ്ധതി നടപ്പാക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ? | (എ) | നിയോജക മണ്ഡല ആസ്തി വികസന പദ്ധതി മാനദണ്ഡങ്ങള്‍ പ്രകാരം ഒരു സാമ്പത്തിക വര്‍ഷത്തില്‍ ശുപാര്‍ശ ചെയ്യുന്ന പദ്ധതികള്‍ക്ക് ആ സാമ്പത്തിക വര്‍ഷം തന്നെ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതും നടപ്പിലാക്കാന്‍ കഴിയാത്ത പ്രവൃത്തികള്‍ക്കു പകരമായി പുതിയ പ്രവൃത്തികള്‍ ആ വര്‍ഷം തന്നെ ശുപാര്‍ശ ചെയ്യാവുന്നതുമാണ്. എന്നാല്‍ ചില ബഹു:എം.എല്‍.എ-മാര്‍ക്ക് സമയബന്ധിതമായി പ്രവൃത്തികള്‍ ശുപാര്‍ശ ചെയ്യാന്‍ സാധിക്കാതെ വന്നതിനാല്‍ ബഹു:എം.എല്‍.എ-മാരുടെ അഭ്യര്‍ത്ഥന മാനിച്ച് മേല്‍പറഞ്ഞ സമയപരിധി നീട്ടിനല്‍കിയിട്ടുണ്ട്. ആ സമയപരിധിക്കുള്ളില്‍ ശുപാര്‍ശ ചെയ്ത പ്രവൃത്തികള്‍ ക്യാന്‍സല്‍ ചെയ്ത് അനുവദനീയമായ മറ്റു പ്രവൃത്തികള്‍ സമര്‍പ്പിക്കാവുന്നതും അവയ്ക്ക് ഭരണാനുമതി നല്‍കാവുന്നതുമായിരുന്നു. ഇതനുസരിച്ച് 2017-18 മുതലുള്ള സാമ്പത്തിക വര്‍ഷങ്ങളിലെ പ്രവൃത്തികള്‍ക്ക് ഭരണാനുമതി നല്‍കി നടപ്പിലാക്കുന്നതിനുള്ള കാലാവധി പലപ്പോഴായി ദീര്‍ഘിപ്പിച്ച് നല്‍കിയിട്ടുണ്ട്. 2017-18 വര്‍ഷത്തെ പ്രവൃത്തികള്‍ക്ക് ഭരണാനുമതി നല്‍കുന്നതിനുള്ള അവസാന തീയതി 31.03.2021 ആയിരുന്നു. പ്രസ്തുത സമയപരിധി അവസാനിച്ചതിനാല്‍ 2017-18 സാമ്പത്തിക വര്‍ഷ കാലാവധിയില്‍ ശുപാര്‍ശ ചെയ്ത് ഭരണാനുമതി ലഭിച്ചെങ്കിലും നടപ്പാക്കാനാകാത്ത പ്രവൃത്തികള്‍ക്ക് പകരം പ്രവൃത്തികള്‍ നിര്‍ദ്ദേശിക്കുന്നതിന് അനുവാദമില്ല. |

സെക്ഷന്‍ ഓഫീസര്‍